**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കായികമേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സംസ്ഥാന സ്കൂൾ കായിക മേളയിൽ ചാംപ്യൻമാരെ നിശ്ചയിച്ചതിലെ അപാകതകൾ ഏതെങ്കിലും സ്കൂളുകൾ ചോദ്യം ചെയ്തിരുന്നോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 2024 നവംബർ 4 മുതൽ 11 വരെ ഒളിമ്പിക്സ് മാതൃകയിൽ എറണാകുളം ജില്ലയിൽ നടന്ന പ്രഥമ കേരള സ്കൂൾ കായികമേള കൊച്ചി' 24 ലെ ഒരു കായിക ഇനമായ അത്ലറ്റിക്സിൽ ബെസ്റ്റ് സ്കൂൾ അവാർഡ് നിർണ്ണയിച്ചതിൽ എറണാകുളം ജില്ലയിലെ നാവാമുകുന്ദ ഹയർ സെക്കണ്ടറി സ്കൂളും, മലപ്പുറം ജില്ലയിലെ തിരുനാവായ ഹയർ സെക്കന്ററി സ്കൂളും ആക്ഷേപം ഉന്നയിച്ചിരുന്നു. വിഷയം പരിശോധിച്ചതിൽ സംസ്ഥാന സ്കൂൾ കായികമേള മത്സരങ്ങൾ ജനറൽ സ്കൂൾ എന്നോ സ്പോർട്സ് സ്കൂൾ എന്നോ വ്യത്യാസം ഇല്ലാതെയാണ് നടത്തുന്നത് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ആക്ഷേപത്തിൽ വസ്തുത ഇല്ല എന്ന വിവരം പ്രസതുത സ്കൂളുകളെ തൽസമയം ബോധ്യപ്പെടുത്തിയിരുന്നു. |
| (ബി) | കായിക മേളയുടെ തുടക്കം മുതൽ അവസാനം വരെ ജനറൽ സ്കൂളുകളുടെയും സ്പോർട്സ് ഡിവിഷനുകളുടെയും വെവ്വേറെ പോയിന്റ് പട്ടികകളാണോ പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 39 കായിക ഇനങ്ങളിലാണ് സംസ്ഥാന സ്കൂൾ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. സംസ്ഥാന സ്കൂൾ കായികമേളയിൽ ജില്ലകൾ തമ്മിലാണ് മത്സരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പോയിന്റുകൾ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. എന്നാൽ ദേശീയതലത്തിൽ കേരളം തുടർച്ചയായി മികവ് പുലർത്തുന്ന കായിക ഇനമായ അത്ലറ്റിക്സിൽ ഓരോ സ്കൂളുകളുടേയും നിലവാരം വിശകലനം ചെയ്യുന്നതിനായി സ്കൂളുകളുടെ പൊതുസ്വഭാവം കണക്കിലെടുത്ത് വെവ്വേറെ പോയിന്റ് പട്ടികകൾ KITE വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. |
| (സി) | സമ്മാനം പ്രഖ്യാപിച്ചപ്പോൾ സ്പോർട്സ് ഡിവിഷനുകളെ ഉൾപ്പെടുത്തി പോയിന്റ് പട്ടിക പുതുക്കാനുണ്ടായ കാരണം അറിയിക്കുമോ; | (സി) | നിലവിലെ സ്പോർട്സ് മാന്വൽ പ്രകാരം, ജനറൽ സ്കൂളുകളെന്നോ, സ്പോർട്സ് സ്കൂളുകളെന്നോ വ്യത്യാസമില്ലാതെയാണ് കേരള സ്കൂൾ കായികമേള |

| | | | |
|---|---|---|---|
| | | | മത്സരങ്ങൾ സംഘടിപ്പിച്ചത്. ജില്ലകളുടെ ചാമ്പ്യനെ കണ്ടെത്തുന്നതിനോ, മികച്ച സ്കൂളുകളെ കണ്ടെത്തുന്നതിനോ, മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനോ സ്കൂളുകളുടെ സ്വഭാവമനുസരിച്ച് പ്രത്യേക പരിഗണന നൽകിയിട്ടില്ല |
| (ഡി) | കായികരംഗത്തു മികവ് പുലർത്തുന്ന ജനറൽ സ്കൂളുകളിലെ താരങ്ങൾക്ക് മതിയായ പ്രോത്സാഹനവും അംഗീകാരവും നൽകാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | കായിക വിദ്യാഭ്യാസം ഒരു വിഷയമായി ഉൾപ്പെടുത്തിക്കൊണ്ട് ജനറൽ സ്കൂളുകളുടെ പാഠ്യപദ്ധതി പരിഷ്കരിച്ചു. കായിക വിദ്യാഭ്യാസം കോർ വിഷയമായി പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ആക്ടിവിറ്റി ബുക്ക്, ടീച്ചേഴ്സ് ടെക്സ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ പ്രവർത്തനങ്ങൾ നടന്ന് വരികയും ചെയ്യുന്നു. കുട്ടികളുടെ കായിക വികസനത്തിനായി കായിക വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇതര വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ഹെൽത്തി കിഡ്സ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ